LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി സംസ്കരണ ഫാക്ടറികൾ നവീകരിക്കാൻ നടപടി

165(5324) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കശുവണ്ടി സംസ്കരണ ഫാക്ടറികൾ നവീകരിക്കുന്നതിനും യന്ത്രവത്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികൾ നവീകരിക്കുന്നതിനും ഭാഗിക യന്ത്രവത്കരണത്തിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2017 - 2018 സാമ്പത്തിക വർഷം 40 കോടി രൂപയും 2020-2021-ൽ 13.5 കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ ഭാഗിക യന്ത്രവത്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രസ്സിംഗ് റും, വായനാ മുറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ടോയ്ലറ്റ് ബ്ലോക്കുകൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ് ക്യാമറകൾ, ചൂടുവെള്ളം അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ടെക്കുകൾ, ഷെഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്കാവശ്യമായ തൊട്ടിൽപ്പുര എന്നീ നവീകരണ യന്ത്രവത്കരണ നടപടികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിൽ 510 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു.

കശുവണ്ടി ഫാക്ടറികൾ

166(5325) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷത്തേയ്ക്ക് എത്ര ടൺ കശുവണ്ടി ആവശ്യമുണ്ട്; സംസ്ഥാനത്ത് എത്ര ടൺ കശുവണ്ടി ഉത്പാദിപ്പിക്കുന്നുണ്ട്; അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് പ്രതിവർഷം 6 ലക്ഷം മെട്രിക് ടൺ കശുവണ്ടി ആവശ്യമുണ്ട്. Directorate of Cashew and Cocoa Development (DCCD)-ന്റെ 2018-19 വർഷത്തെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 83,000 മെട്രിക് ടൺ കശുവണ്ടി ഉത്പാദനം ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) കശുമാവ് കൃഷി സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് 'ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനുമായി' 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 650 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷി വ്യാപനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കാഷ്യൂ മോഡൽ ഗാർഡൻ - പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ എന്നിവരുടെ സഹകരണത്തോടെ നോർമൽ ഡെൻസിറ്റി, ഹൈഡെൻസിറ്റി എന്നീ കൃഷി രീതികൾ അവലംബിച്ച് കശുമാവ് കൃഷി വ്യാപനത്തിനായി ഗ്രാഫ്റ്റുകളുടെ വിതരണം നടന്നുവരുന്നു. 666 ഹെക്ടർ സ്ഥലത്ത് ഈ രീതിയിൽ കൃഷി വ്യാപിപ്പിക്കുവാനാണ് കശുമാവ് കൃഷി വികസന ഏജൻസി ലക്ഷ്യമിടുന്നത്.

2. മോഡൽ കാഷ്യൂ ഫാം - പ്രസ്തുത പദ്ധതി പ്രകാരം കർഷകർ, സ്വകാര്യ സ്ഥാപനങ്ങൾ, കുടുംബശ്രീ, എൻ.ജി.ഒ.-കൾ എന്നിവരുടെ സഹകരണത്തോടെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. 2416 ഹെക്ടർ സ്ഥലത്ത് നോർമൽ ഡെൻസിറ്റി, ഹൈഡെൻസിറ്റി എന്നീ കൃഷി രീതികളിലൂടെ കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

3. മുറ്റത്തൊരു കശുമാവ് പദ്ധതി - കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക എന്ന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷനുകൾ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ, കോളേജ് കുട്ടികൾ, അഗ്രികൾച്ചർ ക്ലബുകൾ എന്നിവർക്ക് കശുമാവ് തൈകൾ വിതരണം നടത്തി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻതൈകൾ ഈ പദ്ധതി പ്രകാരം സൗജന്യമായി നൽകുന്നു. ഈ പദ്ധതി പ്രകാരം 83335 ഗ്രാഫ്റ്റുകൾ വിതരണം ചെയ്യുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ നാടൻ തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുത്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉത്പാദിപ്പിക്കുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലായി 5500-ഓളം കശുമാവിൻതൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കശുവണ്ടി വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി എന്നീ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് 'മാതൃകാ കശുമാവ് തോട്ട' പദ്ധതിയിൽപ്പെടുത്തി അത്യുത്പാദനശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്യുന്നുണ്ട്.

പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ

167(5326) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻറ്റേഷൻ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

11-2-2021-ലെ സ.ഉ.(കൈ)നമ്പർ 12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിനുകീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും 20-5-2021-ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിനുകീഴിൽ കൊണ്ടുവരികയും ചെയ്തു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള മറ്റ് നടപടികൾ വ്യവസായ വകുപ്പിനുകീഴിൽ പുരോഗമിക്കുന്നു.

(ബി) പ്ലാന്റേഷൻ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് പ്രസ്തുത ഡയറക്ടറേറ്റ് മുഖേന എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

11-2-2021-ലെ സ.ഉ.(കൈ)നമ്പർ 12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിനുകീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും 20-5-2021-ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിനുകീഴിൽ കൊണ്ടുവരികയും ചെയ്തു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള മറ്റ് നടപടികൾ വ്യവസായ വകുപ്പിനുകീഴിൽ പുരോഗമിക്കുന്നു.